(ബി) ഈ കേസ്സുകളിലെല്ലാമായി പ്രതികളായിട്ടുള്ളവരുടെ എണ്ണം എത്രയാണ് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സ്ത്രീകൾക്കെതിരെ നടന്ന വിവിധ അതിക്രമക്കേസുകളിലായി 1625 പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്.

(ബി) ടി രജിസ്റ്റർ ചെയ്ത കേസുകളിലെല്ലാമായി പ്രതിയായിട്ടുള്ളവർ 64,798 പേരാണ്.

പരവൂർ ഫയർ സ്റ്റേഷന് വാഹനം

178 (4513) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഫയർ ഫോഴ്സ് നവീകരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് പുതിയ വാഹനങ്ങൾ വാങ്ങി ഫയർ സ്റ്റേഷനുകൾക്ക് നൽകുന്ന നടപടി ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ മന്ത്രിതല യോഗത്തിലെ തീരുമാനപ്രകാരം പരവൂർ ഫയർ സ്റ്റേഷന് നൽകാമെന്ന് തീരുമാനമെടുത്ത വാഹനം എത്രയും പെട്ടെന്ന് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്സിന്റെ നവീകരണത്തിന്റെ ഭാഗമായി കഴിഞ്ഞ സാമ്പത്തിക വർഷം വാങ്ങിയ ഷാസികൾ വാട്ടർ ടെണ്ടറുകളായി ഫാബ്രിക്കേറ്റ് ചെയ്യുന്ന ജോലി പുരോഗമിച്ചുവരുന്നു. കൂടാതെ ഈ സാമ്പത്തിക വർഷം കൂടുതൽ ഫയർ എഞ്ചിനുകൾ വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇപ്രകാരം വാഹനങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് പരവൂർ ഫയർ സ്റ്റേഷനും അനുവദിക്കുന്നതാണ്.

ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ

179 (4514) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര നിയോജക മണ്ഡലത്തിൽ പ്രധാന പട്ടണമായ ചാരുംമൂട് കേന്ദ്രമാക്കി ഒരു ഫയർ & റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ചാരുംമൂട് കേന്ദ്രമാക്കി ഒരു ഫയർ & റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചോ ;

LIBRARY ARCHIVES.Kerala Legislative Assembly